# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## റാന്നി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6-830/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 02/08/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6-830/2025

തീയ്യതി: 02/08/2025

## പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 16-06-2025 | 24-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-06-2025 | 24-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. രാജേഷ് എം., ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി. നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരികുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി ലക്ഷ്മി ജെ., ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ. ആർ. പ്രകാശ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി സുധാകുമാരി ജി. | സെക്രട്ടറി | 01-04-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീശൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 12-09-2024 |

| | | | |
|---|---|---|---|
| വി.എസ്. | | | |
| ശ്രീമതി ശോഭ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 13-09-2024 | 31-03-2025 |
| ശ്രീമതി ആനി ഷിജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ. പ്രീതി എസ്. എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. ആൽഫിൻ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ ലാൽകുമാർ കെ. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സൂര്യ ബി. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ സുനിൽ സി.പി. | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി ചിഞ്ചു എസ്. എസ്. | വി.ഇ. ഒ. 1 | 01-04-2024 | 31-03-2025 |
| ശ്രീമതി വിനീത ഡി. | വി.ഇ. ഒ. 2 | 01-04-2024 | 31-03-2025 |
| ശ്രീ പ്രശാന്ത് പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. എ. ഹാംലെറ്റ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2024 | 13-08-2024 |
| ഡോ. ലേഖ തോബിയാസ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 14-08-2024 | 31-03-2025 |
| ഡോ ശീതൾ സുഗതൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി അമല ജിജി | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | Capital Work In Progress-ന്റെ ആധികാരികത വ്യക്തമല്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | തേയ്മാന ചെലവ് (Depreciation) - വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല | 1-1-6 |
| 8 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - വിനിമയത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല | 1-1-7 |
| 9 | ദേശീയ തൊഴിലുറപ്പ് പദ്ധതി കണക്ക് - ക്യാഷ് ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറിയ തുക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-9 |
| 11 | ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകയുടെ വിനിയോഗ വിവരം കൃത്യമല്ല | 1-1-10 |
| 12 | ബജറ്റ് വിശകലനം | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) | 1-6 |
| 17 | ക്ഷേമ പെൻഷൻ വിതരണം | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | കറന്റ് അക്കൗണ്ടിൽനിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് സമയബന്ധിതമായി തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നില്ല | 1-11 |
| 22 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 1-12 |
| 23 | അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച; ഗ്രാന്റ് തുക ലാപ്സായി | 1-13 |
| 24 | ജനകീയ ഹോട്ടൽ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 25 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-15 |
| 26 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 27 | സെക്രട്ടറി നിർവ്വഹണ ചുമതല വഹിച്ച 8 പ്രോജക്റ്റുകൾ നടപ്പാക്കിയില്ല | 1-17 |
| 28 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല | 1-18 |
| 29 | നിലാവ് പദ്ധതി സ്തംഭനാവസ്ഥയിൽ | 1-19 |
| 30 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - ഫണ്ട് വിനിയോഗത്തിൽ കുറവ് | 1-20 |
| 31 | ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പുവരുത്താതെ എച്ച്.ഡി.പി.ഇ. ചട്ടികൾ വാങ്ങി | 1-21 |
| 32 | ഹെഡ്മാസ്റ്ററിന് നിർവ്വഹണ ചുമതലയുണ്ടായിരുന്ന പ്രോജക്റ്റുകൾ; | 1-22 |

| | | |
|---|---|---|
| | നിർവ്വഹണത്തിലും, രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച | |
| 33 | മൂന്ന് ലക്ഷം രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 1-23 |
| 34 | 1649 രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു | 1-24 |
| 35 | പദ്ധതിയുടെ ഭാഗമായി വാങ്ങിയ മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തില്ല | 1-25 |
| 36 | കരാർ ലംഘനം നടത്തിയ കരാറുകാരന്റെ സുരക്ഷാ നിക്ഷേപം മുതൽകൂട്ടിയില്ല | 1-26 |
| 37 | പ്രവൃത്തിക്ക് അനുയോജ്യമല്ലാത്ത സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി | 1-27 |
| 38 | 41.69 ലക്ഷം രൂപയുടെ മരാമത്ത് പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയില്ല | 1-28 |
| 39 | പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് പൂർണ്ണമായി ചെലവഴിക്കാതെ തിരികെ ഒടുക്കി | 1-29 |
| 40 | ലേലം ചെയ്ത് നൽകിയ കംഫർട്ട് സ്റ്റേഷന്റെ വെള്ളക്കരം പഞ്ചായത്ത് ഒടുക്കി | 1-30 |
| 41 | പദ്ധതി ആസൂത്രണത്തിൽ വീഴ്ച്ച; ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതികൾ നടപ്പായില്ല | 1-31 |
| 42 | മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-32 |
| 43 | ജൽ ജീവൻ പദ്ധതി - അവലോകനം | 1-33 |
| 44 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം | 1-34 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, എന്നിവ പ്രകാരവും സംസ്ഥാന ഗവൺമെന്റ്/കേ ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ചും 28/05/25-ലെ 1(1) നമ്പർ ക പ്രകാരം തയ്യാറാക്കി പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള റാന്നി ഗ്രാമപഞ്ച മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ് ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കു പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുമാണ് ഞാൻ എ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ ന എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ട മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളി വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഒ

സംസ്ഥ

പത്തനംതിട്ട
02/08/2025

## 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ന

31-03-2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം (18232543.00) നിർണ്ണയിക്കപ്പെട്ടതല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്ര അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011-ൽ പഞ്ചായത്ത് ജന 2930635 രൂപയായി താല്ക്കാലികമായി നിർണ്ണയിച്ചത് നിലവിലും കൃത്യമാക്കിയിട്ടില്ല.

## 1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024-ലെ മുന്നിരിപ്പിന്റെ വി അടിസ്ഥാനത്തിലും, സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിത വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-1-3 സ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാ കാലികമാക്കിയിട്ടില്ല

26-07-2011-ലെ ജി.ഒ.(എം.എസ്.)നം.152/2011/തസ്വഭവ., നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങ പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടി ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലി വിവിധ മേഖലകളിലായുള്ള 31-03-2025-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 1.82 കോടി ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 Capital Work In Progress-ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പ വിവരം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ച് ക്രമീകരിക്കൽ കൃത്യമായി സാക്ഷ്യപ്പെടുത്തി ആയതിനാൽ Capital Work In Progress ശീർഷകത്തിലെ മുന്നിരിപ്പ്, ക്രമീകരണം, നീക്കിയിര ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പരിശോധനയ്ക്ക് ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമായതിനാൽ B-7, RP-34 ഷെഡ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 31/03/2025-ലെ ‍ നീക്കിയിരിപ്പ് 621155 രൂപയാണ്. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-6 തേയ്മാന ചെലവ് (Depreciation) - വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല

ഷെഡ്യൂൾ B-11(A)-ൽ ഡിപ്രീസിയേഷൻ തുകയായി രേഖപ്പെടുത്തിയിരിക്കുന്ന 16847355 രൂപയു വർക്ക് ഷീറ്റിന്റെ അഭാവത്തിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ സ്ഥിര ആസ്തികളിന്മേൽ പ്രത്യേകമായി ചാർജ് ചെയ്യേണ്ടതായ തേയ്മാന ചെലവ് അതാത് ആസ്തി മൂല്യത്തിൽ നിന്നും ഋണസംഖ്യയായി പ്രത്യേകം ചേർത്ത് വരുന്നതിനാൽ പ്രോഗ്രസ്സീവ് ആയി കണക്കാക്ക

(Accumulated Depreciation) അതത് ആസ്തി മൂല്യം അധികരിച്ചാലും ശ്രദ്ധിക്കപ്പെടാതെ പോക നിലനിൽക്കുന്നു.

## 1-1-7 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് – വിനിമയത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ

2024-25-ലെ B-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെ കൃത്യമാക്കിയിട്ടില്ലാത്തതിനാൽ ആയവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-8 ദേശീയ തൊഴിലുറപ്പ് പദ്ധതി കണക്ക് – ക്യാഷ് ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽ ഇനത്തിൽ തനത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയും വാർഷിക കണക്കിൽ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-9 മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറിയ തുക തെറ്റായി അക്കൗണ്ട് ചെയ്തു

വിവിധ തോടുകളുടെ പുനരുദ്ധാരണത്തിന് ലഭിച്ചതും മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറി രൂപ ഭൂജല വകുപ്പിൽ മുൻകൂർ നൽകിയതായി തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 1-1-10 ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകയുടെ വിനിയോഗ വിവരം കൃത്യമല്ല

**ഷെഡ്യൂൾ B-18 :** Loans, Advances, Deposits – നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോദ്ധ്യപ്പെടു രേഖകൾ ഹാജരാക്കിയില്ല. മുൻവർഷം വരെ ഡെപ്പോസിറ്റ് ചെയ്ത തുകയാണ് തൻവർഷവും K ഏജൻസികളുടെ കാര്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യ വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ നിന്നും അവ ക്രമ പ്രകാരം ഒഴിവാക്കിയിട്ടില്ല. കൂട നിക്ഷേപ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക ആസ്തിയായി നേരിട്ട് അക്കൗണ്ട് ചെയ്തിരിക്കുന്നു.

## 1-2 ബജറ്റ് വിശകലനം

റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 09-0 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 21-02-2025-ലെ 2-ാം നമ്പർ തീരുമാന പ്രകാര ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ആദ്യ ബജറ്റ് | പുതുക്കിയ ബജറ്റ് | ഇൻക എക്സ്പെൻ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് (01-04-2024) | 22594928.00 | 22594927.66 | |
| 2024-25 വരവ് | 149589910.00 | 132241960.00 | |
| ആകെ വരവ് | 172184838.00 | 154836887.66 | |
| 2024-25 ചെലവ് | 167392510.00 | 141445751.00 | 9 |
| നീക്കിയിരിപ്പ് (31-03-2025) | 4792328.00 | 13391136.66 | |

പുതുക്കിയ ബജറ്റ് പ്രകാരം 15.48 കോടി രൂപ വരവും 14.14 കോടി രൂപ ചെലവുമാണ് പ്രതീക്ഷ വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 9.48 കോടി രൂപയും ചെ രൂപയുമാണുള്ളത്. പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിലുള്ള താരതമ വ്യത്യാസം ബജറ്റ് തയ്യാറാക്കുന്നതിലുള്ള അശാസ്ത്രീയതയാണ് വ്യക്തമാക്കുന്നത്. ബജറ്റ് സാമ്പത്തിക വർഷത്തെ അതുവരെയുള്ള വരവ്-ചെലവുകൾ എല്ലാം കണക്കാക്കി ആനുപാതികമാ നിശ്ചയിക്കേണ്ടത്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214 പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പ ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ്, ഇൻകം & എക്സ്പെ 31-03-2025-ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**റസീപ്റ്റ് & പേയ്മെന്റ് പത്രിക – 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01-04-2024) | 17740439 |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 39392029 |
| ആകെ (Total Receipts + Opening Balance) | 57132468 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment) | 30851518 |
| നീക്കിയിരിപ്പ് (31-03-2025) | 26780950 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് – 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 94811712 |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 92223253 |
| പ്രവർത്തന മിച്ചം (Gross Surplus) | 2588459 |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 476970 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 3065429 |

**ബാലൻസ് ഷീറ്റ് (As On 31-03-2025)**

| | |
|---|---|
| ആസ്തിമൂല്യം (Total Assets) | 66406538 |
| ബാധ്യതകളുടെ മൂല്യം (Total Liabilities) | 48173995 |
| ആകെ ജനറൽ ഫണ്ട് മൂല്യം (Total General Fund) | 18232543 |

## 1-4 ഗ്രാന്റ് വിനിയോഗം

റാന്നി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധന ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച

ഫണ്ടിൽ നിലനിൽക്കുന്നതും തൻവർഷം പദ്ധതി പദ്ധതിയേതര ചെലവുള്ളതുമായ പ്രത്യേക ഉ
വിനിയോഗവും പട്ടികയിൽ ചേർത്തിട്ടുണ്ട്.

| ഫണ്ട് ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | സഞ്ചിത നിധിയിലേക്ക് മടങ്ങിയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9889000 | 9889000 | 9889000 | | -- |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2666000 | 2666000 | 2364956 | | 301044 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 224000 | 224000 | 218000 | | 6000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 4212000 | 4212000 | 3351733 | | 842400 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 3941010 | 3941010 | 2394334 | | 788202 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 34767 | 1666204 + 173133 പലിശ | 1874104 | 1610179 | 90792 173133 (പലിശ) | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3705975 | 3951000 | 7656975 | 1604796 | 6052179 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) – 2021-23 ക്യാരി ഓവർ | 00 | 3135738 | 3135738 | 1024275 | | 2211489 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) 2021-23 ക്യാരി ഓവർ | | 100026 | 100026 | | | |
| **സംസ്ഥാനാവിഷ്കൃത പദ്ധതികൾ** | | | | | | |
| ഐ.സി.ഡി.എസ്. | 1862182 | 2950026 | 4812208 | 353944 | 4458264 | -- |
| ആരോഗ്യ ഗ്രാന്റ് (Dignostic Infra) | 803539 | 306371 | 1109910 | 00 | 1109910 | -- |

| | | | | | | |
|---|---|---|---|---|---|---|
| ആരോഗ്യ ഗ്രാന്റ് (Wellness Centre) | 178901 | 476630 | 655531 | 135789 | 519742 | -- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | -- |
| ജലനിധി ഫണ്ട് | 430943 | 43880 | 474823 | 00 | 474823 | -- |
| സംസ്ഥാന വിഹിതം | 36000 | 1900000 | 1936000 | 1676000 | 260000 | -- |
| ശബരിമല ഗ്രാന്റ് | 282074 | 00 | 282074 | 227054 | 55020 | -- |
| ശുചിത്വ മിഷൻ | 415556 | 57300 | 988556 | 988556 | 0 | -- |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്ക തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്തെ അലോട്ട്മെന്റുകൾ ു വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് 2-ാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതര ചെലവഴിക്കാതെ ലാപ്സായ ടൈഡ് – അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിട ലഭിച്ചിട്ടുണ്ട്.

പൊതു വിഭാഗം വികസന ഫണ്ടിന്റെ സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകകളുടെ പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും, ചുവടെ പട്ടികയിൽ ചേർക്കുന്നു. എസ്.സി. വിഹിതങ്ങളുടെ സ്രോതസ്സിൽ നിന്നും തുകകളൊന്നും കുറവ് ചെയ്തിട്ടില്ല.

| ഫണ്ടിനം | സംസ്ഥാന ബജറ്റ് അനുബന്ധം IV അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അലോ |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9889000 | 9889000 | 195/25 – 788400<br>197/25 – 245796<br>198/25 – 246057<br>ആകെ – 1280253 | 86 |

മേൽ പറഞ്ഞ കണക്കുകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്ര സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

റാന്നി ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധ ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം.R01-160/2024/DPC/DPO/PTA തീയതി 3-03-2025

അംഗീകാരം ലഭിച്ചിട്ടുണ്ട്. ആകെ 170 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പ
അടങ്കൽ 55561154 രൂപയായിരുന്നു. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പ്
2023-ലും ആസൂത്രണസമിതി യോഗം 15-12-2023-ലും വികസന സെമിനാർ 8-1-2024-ല
വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റിന് 26-12-2023 മുതൽ 31-12-23 വരെ നടന്ന ഗ്രാമസഭകളിൽ അ
2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ച

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീ പ്രോജക്ട ശതമാ |
|---|---|---|---|---|
| 170 | 55561154 | 124 | 32091242 | 72.9 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | പൂർത്ത പ്രോജ ശത |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1798950 | 965071 | 10 |
| വെറ്ററിനറി സർജൻ | 5 | 5 | 1478826 | 1382217 | 10 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 9 | 5 | 3359502 | 1244833 | 55 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 460000 | 441598 | 10 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 440000 | 439842 | 10 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 270000 | 216144 | 10 |
| വി.ഇ.ഒ. | 26 | 19 | 18957250 | 10226356 | 73 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 17 | 3076752 | 2440020 | 94 |
| സെക്രട്ടറി | 30 | 19 | 6725165 | 4766127 | 63 |
| അസി.എഞ്ചിനീയർ | 49 | 32 | 15935810 | 9086431 | 65 |
| ഹെഡ്മാസ്റ്റർ | 4 | 2 | 169300 | 38727 | 5 |
| അസി.സെക്രട്ടറി | 13 | 9 | 2849599 | 835876 | 69 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 40000 | 8000 | 10 |
| ആകെ | 170 | 124 | 55561154 | 32091242 | |

**<u>സഞ്ചിത നിധിയിലേയ്ക്ക് 27.14 ലക്ഷം രൂപ തിരികെ എടുക്കപ്പെട്ടു, 21.21 ലക്ഷം രൂപ ലാപ്സായി</u>**

വിവിധ കാരണങ്ങളാൽ ഏറ്റെടുത്ത 44 പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ ചുവടെ ചേർ

ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെടുകയോ ലാപ്സ
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഗ്രാന്റ് – ഇനം** | **കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മടങ്ങിയത്** | **ലാപ്സായ തുക** | **റിമാർക്സ്** |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | -- | | |
| വികസന ഫണ്ട് (എസ്.സി.പി.) | 301044 | -- | |
| വികസന ഫണ്ട് (ടി.എസ്.പി.) | 6000 | -- | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 2121489 | (2020-21 മുതല വരെയുള്ള ക്യ വിഹിതം ചെലവഴിക്കാ ലാപ്സായി) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 842400 | 17567 | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 788202 | 758474 | |
| ആകെ | 1937646 | 2897530 | |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ചതിൽ 28.97 ലക്ഷം രൂപ ലാപ്സാകുക രൂപ സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെടുകയും ചെയ്തു വികസന ഫണ്ട് പൊതു എസ്.സി.പി (88.70%), ടി.എസ്.പി ഫണ്ട് (97.32%), എന്നിവയുടെ വിനിയോഗത്തിൽ ഗ്രാമപ പുലർത്തി. മറ്റ് സർക്കാർ ഗ്രാന്റുകളും സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ഗ്രാ ഭാഗത്തുനിന്നും ശ്രമങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്ന ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല.

**<u>മോണിറ്ററിംഗ്</u>**

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെ കമ്മറ്റികൾക്ക്/വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളു പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കു രൂപീകരണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

## <u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA)</u>

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ പദ്ധ വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 13 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 202 പ്രോജക്ടുകളിൽ 105 എണ്ണത്തിന് സാങ്കേ ലഭിക്കുകയും 86 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 38195 തൊഴിൽ ദിനങ്ങൾ സൃ കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണം തുടങ്ങി മണ്ണ് ജലസംരക്ഷ

തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ക്യാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ
കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| **മുന്നിരിപ്പ് (01-04-2024)** | **00** | Skilled Labour | 2052 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1548905.00 | Unskilled Labour | 131755 |
| പലിശ വരവ് | 30366.00 | Material | 2863( |
| **ആകെ നേരിട്ടുള്ള വരവ്** | 1579271 | **ആകെ EFMS ചെലവ്** | 162 |
| Skilled Labour | 205200.00 | ശമ്പളം | 1271 |
| Unskilled Labour | 13175553.00 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 50 |
| Material | 2863061.00 | പരസ്യം | 74 |
| | | ലീവ് സറണ്ടർ | 517 |
| **ആകെ EFMS വരവ്** | 16243814 | **ആകെ നേരിട്ടുള്ള ചെലവ്** | 13: |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1336302.00 | പഞ്ചായത്ത് തനത് മുൻകൂർ തിരിച്ചടവ് | 1573 |
| | | **നീക്കിയിരിപ്പ്(31-03-2025)** | 6 |
| **ആകെ** | **19159387.00** | **ആകെ** | **19159387** |

2024-25 തൊഴിലുറപ്പ് പദ്ധതി ചെലവ് പൂർണമായും റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട്
പഞ്ചായത്തിന് സ്ഥിര ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീ
തൊഴിലുറപ്പ് പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവിനായി പഞ്ചായത്ത് തനത് ഫണ്ടിൽ
നൽകുകയാണ് ചെയ്യുന്നത്. 01-04-2024-ൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന മുൻകൂർ 1551350
31-03-2025-ലെ ഈ ഇനത്തിലെ Outstanding Advance 1314511 രൂപയാണ്.

## 1-7 ക്ഷേമ പെൻഷൻ വിതരണം

2024-25 വർഷം പഞ്ചായത്തിൽ ക്ഷേമ പെൻഷൻ വിതരണത്തിനായി 28332000 രൂപ
വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താ എണ്ണ** |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 18864200 | 1323 |
| കർഷകതൊഴിലാളി പെൻഷൻ | 324800 | 21 |
| വിധവാപെൻഷൻ | 6730300 | 430 |
| അവിവാഹിതരായ 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് ഉള്ള പെൻഷൻ | 208000 | 14 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2204700 | 141 |
| **ആകെ** | **28332000** | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻ 21.06.2025 തീയതിയിൽ 02.20 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ ന പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 8090 (എണ്ണായിരത്തി തൊണ്ണൂറ് രൂപ) രൂ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ജോലി വി തയ്യാറാക്കുന്നതിലും ഓഫീസ് ഉത്തരവുകൾ നടപ്പിലാക്കുന്നതിലും മികവു പുലർത്തിയിട്ടുണ്ട്. നികു വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കാൻ സാധിച്ച് പരിശോധന നടത്തുക വഴി വാട്ടർ ചാർജ്ജ് ഇനത്തിലുള്ള ആവർത്തന ചെലവ് ഗണ്യ സാധിച്ചുവെന്നത് അഭിനന്ദനാർഹമായ നേട്ടമാണ്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റെ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമായി ഇടപെട്ടിട്ടില്ല. യോഗങ്ങളുടെ മിനിട്ട്സ് അപൂർണ്ണമാണ്. ഭരണ സമിതി യോഗങ്ങളുടെ മിനിട്ട്സ അന്തിമമാക്കുന്നതിൽ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള സമയ പരിധി പാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റ തയ്യാറാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. വാടക പിരിക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ട് നിലവാരം മെച്ചപ്പെടുത്തുന്നതിനു പദ്ധതികൾ ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ല തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 | 01/22 മുതൽ 03/22 വരെ | 16.06.2022 |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 05.03.2020 | 2014-15 മുതൽ 2018-19 വരെ | തീയതി ല |

## 1-11 കറന്റ് അക്കൗണ്ടിൽനിന്നും തനത് ഫണ്ട് അക്കൗണ്ടിലേക്ക് സമയബന്ധിതമാ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നില്ല

പഞ്ചായത്തിന്റെ, എസ്.ബി.ഐ. ഇ-പെയ്മന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം.37263105591) ബാലൻസായി 1,01,04,097 രൂപ അവശേഷിക്കുന്നുണ്ട്. ടി അക്കൗണ്ട് കറന്റ് അക്കൗണ്ടായ ലഭിക്കുന്നില്ല. കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടുകളിൽനിന്നും ഫണ്ട് സേവിംഗ്സ് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിന തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ട വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

I) 2024-25 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെ കരാറുകാരിൽനിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

II) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്ക നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലെന്ന് കണ്ടു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പെർഫെക്ട് ഡയഗ്നോസ്റ്റിക് സെന്റർ, റാന്നി | II |
| 2 | റാന്നി രാമപുരം ദേവസ്വം | I,II |
| 3 | ഉതിമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I,II |
| 4 | K.I.C.T കേരള സ്റ്റേറ്റ് റൂട്രോണിക്സ്, റാന്നി | I,II |

Iii) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, പ്രൊഫഷണലുകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങളിലെ ജീവനക്കാർ, ഗ്രാമപഞ്ചായത്തി പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത റേഷൻ വ്യാപാരികൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇവരിൽനിന്ന് നികുതി ഡിമാൻഡ് ചെയ്ത് ഈടാക്ക സ്വീകരിക്കേണ്ടതുമാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21.06.2025) തൊഴിൽ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുന്നത ലഭ്യമാക്കി. മേൽ പരാമർശിച്ചവരിൽ നിന്നും തൊഴിൽ നികുതി തൊഴിൽ നിക വിവരമറിയിക്കേണ്ടതാണ്.

## 1-13 അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണത്തിൽ വീഴ്ച; ഗ്രാന്റ് തുക ലാപ്സാ

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറിക്ക് നിർവ്വഹണ ചുമതലയുണ്ടായിരു നടപ്പിലാക്കാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ലാപ്സായി. 2020-21 മുതൽ ചെലവഴിക്കാതിരുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് ക്യാരി ഓവർ വിഹിതമായി തൻവർഷം ലഭി.

സമയബന്ധിതമായി ചെലവഴിക്കാത്തതിനാൽ ലാപ്സായി. ടൈഡ് ഫണ്ട് സി.എഫ്.സി. ഗ്രാന്റ് ഉ വിഹിതം) ഉപയോഗിച്ച് 4 പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടും അതിൽ 2 പ്രോജക്ടുകൾ മാത്ര സാമ്പത്തിക വർഷം നടപ്പിലാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം | ധ കമ്മീഷ |
|---|---|---|---|---|
| 1 | 25 | ബോട്ടിൽ ബൂത്ത് | 200000 | |
| 2 | 179 | എം.സി.എഫി-ലേക്ക് സോർട്ടിംഗ് ടേബിൾ വാങ്ങൽ | 100000 | |
| 3 | 104 | പൊതുസ്ഥലങ്ങളിൽ സി.സി.ടി. വി. ക്യാമറ സ്ഥാപിക്കൽ | 300000 | |
| 4 | 178 | എം.സി.എഫി-ലേക്ക് ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ | 600000 | |

നടപ്പിലാക്കാത്ത പ്രോജക്ടുകൾ തുടർവർഷങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ ന നടപ്പിലാക്കേണ്ട സ്ഥിതിയാണ്. ക്രമ നം. 3&4 പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്ക് ലക്ഷം രൂപ ലാപ്സാകുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു. വീഴ്ച ഭരണസമിതിയുടെ ശ്രദ്ധയിൽ തുകകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ജനകീയ ഹോട്ടൽ പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ “വിശപ്പ് രഹിത കേര ഭാഗമായി നടപ്പിലാക്കുന്ന (പ്രോജക്ട് നം.9) ജനകീയ ഹോട്ടലിന് 2024 ഏപ്രിൽ മുതൽ സെപ് വാടക നൽകുന്നതിന് 35000 രൂപ ചെലവഴിച്ചിട്ടുണ്ട്. ജനകീയ ഹോട്ടൽ തുടർന്ന് പ്രവർത്ത പഞ്ചായത്ത് കമ്മറ്റിയുടെ 18.12.2024-ലെ 6(1) തീരുമാന പ്രകാരം വാടക കെട്ടിടത്തിൽ നിന്നും സാ തിരിച്ചെടുത്ത് വാടക കരാർ റദ്ദാക്കുന്നതിന് അസി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയിര കുടുംബശ്രീക്ക് ജനകീയ ഹോട്ടൽ തുടങ്ങുന്നതിന് കുടുംബശ്രീ മിഷന്റെ റിവോൾവിംഗ് ഫണ്ടിൽനി ചെലവഴിച്ച് 2020-21 സാമ്പത്തിക വർഷം വാങ്ങിയതാണ് ഈ ഉപകരണങ്ങൾ. ജനകീയ ഹോട്ട നിലവിൽ ഈ ഉപകരണങ്ങൾ ഉപയോഗിക്കാതെ കുടുംബശ്രീ ഓഫീസിൽ സൂക്ഷിച്ചിരിക്കുക ഹോട്ടൽ തുടർന്ന് പ്രവർത്തിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞ് ന എൻക്വയറിക്ക് (നം.7/19.06.2025) 06.03.2025-ലെ സി.ഡി.എസ്. കമ്മിറ്റിയിൽ അജണ്ട വെ താത്പര്യമുള്ളവരുടെ ലിസ്റ്റ് സമർപ്പിക്കുന്നതിന് എല്ലാ വാർഡിലെയും കുടുംബശ്രീകൾ നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനകീയ ഹോട്ടൽ പ്രവർത്തനം പുനരാരംഭിക്കുന്നതി സ്വീകരിക്കേണ്ടതാണ്.

## 1-15 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

റാന്നി ഗ്രാമപഞ്ചായത്തിൽ ആകെ 18 അങ്കണവാടികളാണുള്ളത്. ഇതിൽ 5 എണ്ണത്തിനു മാത്ര കെട്ടിടമുള്ളത്. 11 എണ്ണം വാടകക്കെട്ടിടങ്ങളിലും, ഒരെണ്ണം ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിട സ്കൂൾക്കെട്ടിടത്തിലും പ്രവർത്തിക്കുന്നു. എല്ലാ അങ്കണവാടികളും ഫിറ്റ്നസ് ഉള്ള

പ്രവർത്തിക്കുന്നത്. 18 അങ്കണവാടികൾക്കും ടോയ്ലറ്റ് സൗകര്യം ഉണ്ടെങ്കിലും ഇവയൊന്നും ഫ്രണ്ട്ലി ടോയ്ലറ്റുകളല്ല. 8 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. 14 അങ്കണവാടിക കണക്ഷനും, 3 അങ്കണവാടികൾക്ക് കിണറും ഉണ്ട്. 18-ാം നമ്പർ അങ്കണവാടിക്ക് പൈപ്പ് കണക കുടിവെള്ളം ലഭിച്ച് തുടങ്ങിയിട്ടില്ലെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

മൂന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ട്. ആറാം വാർഡി അങ്കണവാടിയുടെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം പണിയുന്നതിനായി എം അനുവദിച്ചുകിട്ടിയിട്ടുണ്ട്. ഏഴാം വാർഡിലെ 15-ാം നമ്പർ അങ്കണവാടിക്ക് 2024-25 വർഷത്തിൽ വാങ്ങിയിട്ടുണ്ട്. കെട്ടിടം പണിയുന്നതിനായി എം.എൽ.എ. ഫണ്ട് അനുവദിക്കുമെന്ന് പതിനൊന്നാം വാർഡിലെ 10-ാം നമ്പർ അങ്കണവാടിക്ക് 3 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പണിയുന്നതിന് ഫണ്ട് ലഭ്യമായിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഗ്രാമപഞ്ചാ വാർഡിലെ 5-ാം നമ്പർ അങ്കണവാടി നിർമ്മാണം ആരംഭിച്ചെങ്കിലും പൂർത്തീകരിച്ചിട്ടില്ല. സ്ഥ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിനും പാതിവഴിയിലായ പൂർത്തീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അങ്കണവാടികൾക്ക് ആവശ്യത്തിനുള്ള ഫർണ്ണീച്ചറും, പാത്രങ്ങളും ഉണ്ട്. കെട്ടിടങ്ങളുടെ വകുപ്പിൽനിന്ന് ലഭ്യമാകുന്ന തുക അപര്യാപ്തമായതിനാൽ അധികമായി നൽകേണ്ട തുക ഗ്രാമപ്പ പദ്ധതി പ്രകാരം അനുവദിക്കുന്നുണ്ട്.

അങ്കണവാടികൾക്കു വേണ്ടിയുള്ള കേന്ദ്രവിഹിതം ഇനത്തിൽ ഗണ്യമായ തുക അക്കൗണ്ടിൽ അ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് ഉതകുംവിധം ഫലപ്രദമായി ഈ ഫണ്ട് വിനിയോ 19.04.2022-ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് അനുച്ഛേദം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്ത നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടി പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് അങ്കണവാട നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കേ സൂചിപ്പിച്ച വിഷയങ്ങളിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷ

## 1-16 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജ നൽകിയിരുന്നു. ഈ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല ചുവടെ ചേർക്കുന്നു.

| **പ്രവൃത്തിയുടെ പേര്** | **നിർവ്വഹണ ഏജൻസി** | **മുൻകൂർ നൽകിയ തുക** | **ബിൽ നം./വൗച്ചർ ന തീയതി** |
|---|---|---|---|
| കെ.എസ്.ഇ.ബി. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (141/25 ) | കെ.എസ്.ഇ.ബി, വടശ്ശേരിക്കര | 66331 | 24050452011401016<br>11/12/2024 |
| | | 100000 | XVFC/2024-25/P/17/20/09/202 |

| | | | |
|---|---|---|---|
| | | 16000 | XVFC/2024-25/P/19/24/09/202 |
| | | **182331** | |
| സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (172/25) | കെ.എസ്.ഇ.ബി, വടശ്ശേരിക്കര | 450000 | 240504520114010168/11/12/2024 |
| | | 396149 | 240504520114010422/16/12/2024 |
| | കെ.എസ്.ഇ.ബി, റാന്നി സൗത്ത് | 190000 | XVFC/2024-25/P/16/20/09/202 |
| | | 22637 | XVFC/2024-25/P/18/24/09/202 |
| | | **1058786** | |
| ഉതിമൂട് പട്ടികവർഗ്ഗ കോളനിയിൽ കുഴൽ കിണർ മെയിന്റനൻസ് (103/25) | ഭൂജലവകുപ്പ് | 1935 | 240504520114014590 07/03/2025 |

പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വിനിയോഗസാക്ഷ്യപത്രം ലഭ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/21.06.2025) ആയതിന്, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഉതിമൂട് പട്ടികവർഗ്ഗ കോളനിയിൽ കുഴൽ കിണർ മെയിൻറനൻസ് (പ്രോ.നം.103/25 ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടെ 1153463 രൂപ വകയിരുത്തിയിരുന്നെങ്കിലും നിലവില ഉപയോഗശൂന്യമായതിനാൽ ഈ പ്രദേശത്ത് പുതിയ കുഴൽ കിണർ കുഴിക്കുന്നതാണ് അഭികാമ്യ ജില്ലാ ഓഫീസറുടെ കത്ത് (നം.ജി.ഡബ്ല്യ.ഡി./1920/2024/പി.റ്റി.എ. തീയതി 23.01.202 ആയതിനുള്ള ഭൂജല സർവ്വേ ഫീസായ 1935 രൂപയാണ് തൻവർഷം അടവാക്കിയിട്ടുള്ളത്. നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഭൂജല വകുപ്പ് സർവേ നടത്തി കുഴൽ കിണർ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്ത തുടർ നിരീക്ഷണം ഉണ്ടാകേണ്ടതാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് പൂർത്തീകരണ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 സെക്രട്ടറി നിർവ്വഹണ ചുമതല വഹിച്ച 8 പ്രോജക്ടുകൾ നടപ്പാക്കിയില്ല

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 30 എണ്ണം നടപ്പാക്കിയില്ല. നടപ്പാക്കാത്ത പദ്ധതികളുടെ വിവരവും ഇതു സംബന്ധിച്ച് ന എൻക്വയറിയ്ക്ക് (നം.15/21.06.2025) സെക്രട്ടറി ലഭ്യമാക്കിയ വിശദീകരണവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം | പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണം/വിശദീകരണ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 99/25 | തെരുവ് നായ വാക്സിനേഷൻ | 50000 | തനത് ഫണ്ട് | 2025-26-ൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. |
| 2 | 102/25 | കൊല്ലനേത്ത് കുളം നവീകരണം - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 1249500 | CFC (ടൈഡ് ഫണ്ട്) | ബ്ലോക്ക് പഞ്ചായത്താ നിർവ്വഹണം നടത്തേ പദ്ധതി പൂർത്തീകരിച്ച ആവശ്യപ്പെടാത്തതിന തുക കൈമാറാതിരുന്ന |
| 3 | 118/25 | ഹോമിയോ ഡിസ്പെൻസറിക്ക് പൈപ്പ് കണക്ഷൻ | 30000 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 2025-26-ൽ പ്രവൃത്തി നടപ്പാക്കുന്നതാണ്. |
| 4 | 147/25 | തെരുവ് നായ വാക്സിനേഷൻ (SO) | 25000 | തനത് ഫണ്ട് | 2025-26-ൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. |
| 5 | 171/25 | ദ്രവമാലിന്യ സംസ്കരണ പ്ലാൻറ് - പഞ്ചായത്ത് വിഹിതം (SO) | 50000 | തനത് ഫണ്ട് | തുക ജില്ലാപഞ്ചായത്ത കൈമാറുന്നതിനായാ പദ്ധതി. ജില്ലാപഞ്ചായ ആവശ്യപ്പെടാത്തതിന തുക കൈമാറാതിരുന്ന |
| 6 | 177/25 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ | 100000 | വികസന ഫണ്ട് (ജനറൽ) | 2025-26-ൽ പ്രവൃത്തി നടപ്പാക്കുന്നതാണ്. |
| 7 | 181/25 | ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കൽ | 50000 | തനത് ഫണ്ട് | തുക മതിയാകാത്തതി നടപ്പാക്കിയില്ല. 2025- പദ്ധതിയ്ക്കായി മൂന്നലക വകയിരുത്തിയിട്ടുണ്ട്. |
| 8 | 182/25 | എ.ബി.സി. പ്രോഗ്രാം വിഹിതം നൽകൽ | 100000 | വികസന ഫണ്ട് (ജനറൽ) | ജില്ലാ പഞ്ചായത്ത് പ തുടങ്ങിയിട്ടില്ലാത്തതി വിഹിതം കൈമാറേ അറിയിച്ചതിനാൽ തു നൽകിയില്ല. 2025-26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേ

## 1-18 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെ

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും ഒത്തുനോക്കി പരിശോധിച്ചതിൽ നിന്നും

മരണപ്പെട്ടതിന്റെ ശേഷവും പെൻഷൻ വിതരണം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനെ
ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും, വിലാസവും | പെൻഷൻ തരം, പെൻഷൻ ഐഡി. | മരണപ്പെട്ട തീയതി | ഗുണഭോക്താവ് മരണപ്പെട്ടശേഷം വിതരണം ചെയ്ത തുക | റിമാർ |
|---|---|---|---|---|---|
| 1 | എബ്രഹാം, ചെറുതോമ്പിൽ ഹൗസ്, പുതുശ്ശേരിമല, റാന്നി | വാർദ്ധക്യകാല പെൻഷൻ 103980201506 | 22.11.2024 | 14400 (9*1600) | സഹക ബാങ്കിന കൈമ |
| 2 | സോമശേഖരൻ നായർ, മണപ്പാട്ട്, പുതുശ്ശേരിമല | വാർദ്ധക്യകാല പെൻഷൻ 103980200705 | 11.04.2025 | 1800 (3*600) | തുക അക്ക നിക്ഷേ |
| 3 | സുരേഷ്കുമാർ എ. പുതുപ്പറമ്പിൽ ഹൗസ്, മുണ്ടപ്പുഴ, റാന്നി | വാർദ്ധക്യകാല പെൻഷൻ 103980201193 | 28.05.2025 | 1600 (1*1600) | തുക അക്ക നിക്ഷേ |

**<u>പെൻഷൻ വിതരണത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ</u>**

1. ശ്രീമതി നളിനകുമാരി, മൂത്തേടത്ത്, തോട്ടമൺ എന്ന പെൻഷൻ ഗുണഭോക്താവി ഐ.ഡി.-103980200848) 2023 സെപ്റ്റംബർ മുതലുള്ള പെൻഷൻ സംസ്ഥാന വിഹിതം അക്ക ട്രാൻസ്ഫേർഡ് എന്ന കാരണത്താൽ വിതരണം ചെയ്തിട്ടില്ല. എന്നാൽ കേന്ദ്രവിഹിതം ആധാർ ല മറ്റൊരു അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നുമുണ്ട്.

2. ശ്രീമതി സാറാമ്മ കോശി, കുടത്തിനാൽ എന്ന ഗുണഭോക്താവിന് (പെൻഷൻ ഐ.ഡി.-103 ഫെബ്രുവരിയിൽ പെൻഷൻ അനുവദിച്ചതായി കാണുന്നു. എന്നാൽ ബാങ്ക് അക്കൗണ്ട് നമ്പർ തെ ബാങ്കിന് കൈമാറുന്ന തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല.

3. ശ്രീമതി പങ്കജാക്ഷി, പറക്കാലേത്ത്, പുതുശ്ശേരിമല എന്ന ഗുണഭോക്താവ് (പെൻഷൻ ഐ.ഡി മരണപ്പെട്ടതിനാൽ 2024 നവംബറിലെ ഡി.ബി.ടി. മുഖേനയുള്ള പെൻഷൻ വിതരണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാഞ്ഞതിനാൽ ടി. കാലയളവിലെ കേന്ദ്രവിഹിത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

4. ശ്രീ വിശ്വനാഥൻ നായർ, വല്യയ്യത്ത്, പുതുശ്ശേരിമല എന്ന ഗുണഭോക്താവ് (പെൻഷൻ ഐ.ഡ 2025 ജനുവരിയിൽ മരണപ്പെട്ടെങ്കിലും യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാഞ്ഞതിനാൽ നിലവിലും ബാങ്കിന് കൈമാറി വരുന്നു.

5. ശ്രീ രാജപ്പൻ, തടത്തിൽ, ഉതിമൂട് എന്ന ഗുണഭോക്താവ് (പെൻഷൻ ഐ.ഡി.-103980200580) 2024 സെപ്റ്റംബറിൽ ബാങ്ക് റിപ്പോർട്ട് ചെയ്തെങ്കിലും യഥാസമയം പെൻഷൻ സസ്പെൻഡ് ചെ നിലവിലും പെൻഷൻ തുക ബാങ്കിന് കൈമാറി വരുന്നു.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ് ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശി അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരം ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.)നം.97/2 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷവും അക്കൗ സർക്കാരിനെ അറിയിക്കാതെ അനന്തരാവകാശികൾ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി അനന്തരാവകാശികളിൽ നിന്നും തിരികെപ്പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ ബാധ്യസ്ഥരാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരി 22.11.2024-ലെ 65/2024/ധന സർക്കുലറിലൂടെ വ്യക്തത വരുത്തിയിട്ടുമുണ്ട്. അനർഹമായി കൈപ്പ സഹിതം തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024-ലെ 71/2024/ധന., 31.01.2025-ലെ എന്നീ സർക്കുലറുകളിലൂടെ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്ന പെൻഷൻ വിതരണത്തിലെ മറ്റ് അപാകതകൾ സംബന്ധിച്ചും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.19/23.06.2025) ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തതായും ബന്ധപ്പെട്ട കക്ഷികൾക്ക് അ അധികമായി വാങ്ങിയ തുക തിരികെ ഈടാക്കുന്നതാണെന്നും പെൻഷൻ ഗുണഭോക്താവ് ശേഷവും സഹകരണ ബാങ്കിന് അനുവദിച്ച തുക തിരികെ സർക്കാരിലേക്ക് ഒടുക്കാൻ ബാ നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ചൂണ്ടിക അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റി ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണപ്പെടുന്നവരെയും നിശ്ചിത പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് 12.08.2021-ൽ 63/2021/ധന. നമ്പര പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം നിക്ഷേപിച്ചിട്ടുള്ളതായി ഓഡിറ്റ് കണ്ടെത്തിയ 3900 രൂപ (1800+1600+500) അനന്തരാവകാ തിരികെ ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ്. പെൻഷൻ മരണപ്പെട്ടതിന് ശേഷം സഹകരണ ബാങ്കിന് അനുവദിച്ച തുക തിരികെ സർക്കാരിലേക്ക വിവരങ്ങൾ ബാങ്കിൽനിന്നും വാങ്ങി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നത ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാ കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 നിലാവ് പദ്ധതി സ്തംഭനാവസ്ഥയിൽ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുക എൽ.ഇ.ഡി.യിലേക്ക് മാറ്റുകവഴി ഊർജ്ജ ഉപഭോഗവും പരിസ്ഥിതി ആഘാതവും കുറച്ചു കൊണ നേടുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് നിലാവ്. 10.0 (കൈ.)നം. 117/2020/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതി സംബ മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുത്തി 25.12.2020-ൽ സ.ഉ.(കൈ.)നം. 202/2020/ത.സ്വ.ഭ.വ., 06. (കൈ.)നം.169/2021/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കിഫ്ബിയുട സഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കേരള ബോർഡ് ലിമിറ്റഡ് (KSEBL) ആയിരുന്നു. എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതും വാ ആഭിമുഖ്യത്തിലായിരിക്കുമെന്നും എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് (EESL) അ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരുന്നു.

<u>പദ്ധതിയുടെ ഘടന</u>

പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ 7 കിഫ്ബിക്ക് നൽകേണ്ടതാണ്. പ്രാതിനിധ്യ സ്വഭാവമുള്ള തദ്ദേശസ്ഥാപനങ്ങളിലെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ലൈറ്റുകളിൽ നിന്നും എൽ.ഇ.ഡി-കളിലേ വൈദ്യുതി ബില്ലുകളിൽ ഉണ്ടാകുന്ന വാർഷിക ലാഭത്തിന്റെ 75% മായിട്ടാണ് വരിസംഖ്യ നിജ ധനകാര്യ വകുപ്പ് തദ്ദേശസ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും കുറയ്ക്കുന്ന തുക ഓരോ സാ നേരിട്ട് കിഫ്ബിക്ക് നൽകും.

<u>വാറന്റിയും മെയിന്റനൻസും</u>

പദ്ധതി പ്രകാരം സ്ഥാപിക്കുന്ന എൽ.ഇ.ഡികളുടെ വാറന്റി 7 വർഷമായിരിക്കും. പ്രകൃതി ദുര ചെയ്യുന്നതിലുള്ള അപാകത കാരണമോ ഉള്ള സാഹചര്യങ്ങൾ ഒഴികെ, കേട് വരുന്ന ബൾബുക വാറന്റി പീരിയഡിൽ സൗജന്യമായി ലഭ്യമാക്കുന്നതാണ്. വാറന്റി കാലയളവിൽ മാറ്റി ലഭി പുനസ്ഥാപിക്കുന്നതും പ്രസ്തുത LED-കളുടെ മെയിന്റനൻസ് നടത്തുന്നതിനുമുള്ള ചുമതല തദ്ദേശ നിക്ഷിപ്തമായിരിക്കും. മെയിന്റനൻസ് ചെലവ് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ത സ്ഥാപനങ്ങൾ നിലവിൽ ചെയ്ത് വരുന്നതുപോലെ കെ.എസ്.ഇ.ബി.-യെയോ മറ്റ് സർവ്വീസ് സമീപിച്ച് മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.

<u>പാക്കേജുകൾ</u>

എൽ.ഇ.ഡി.കളുടെ വിവിധ വാട്ടേജുകളും എണ്ണവുമടങ്ങുന്ന 5 പാക്കേജുകൾ തദ്ദേശ സ്ഥ തയ്യാറാക്കിയിരുന്നു. ഓരോ പാക്കേജിലും 500 എൽ.ഇ.ഡി ലൈറ്റുകളാണുള്ളത്. തദ്ദേശ സ്ഥാപന ആവശ്യവും അനുസരിച്ച് ലഭ്യമായ 5 പാക്കേജുകളിൽ ഒന്നോ അതിലധികമോ പാക്കേജുകൾ ലഭ്യമായ വാട്ടേജുകൾ 18w, 35w, 70w, 110w എന്നിവയാണ്.

<u>പഞ്ചായത്തിലെ പദ്ധതി നടത്തിപ്പും നിലവിലെ സ്ഥിതിയും</u>

റാന്നി ഗ്രാമപഞ്ചായത്തിൽ 2021-ൽ നിലാവ് പദ്ധതി നടപ്പിലാക്കി. 500 ലൈറ്റുകൾ ഉൾക്കൊ ആണ് ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത പാക്കേജിൽ ഉൾപ്പെടുന്ന ലൈറ്റുകളു ചേർക്കുന്നു.

| | |
|---|---|
| 18W | 250 |
| 35W | 225 |
| | |

| | |
|---|---|
| 70W | 25 |
| 110W | 25 |
| Total | 500 |

പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 500 ലൈറ്റുകൾ സ്ഥാപിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണം |
|---|---|
| 1 | 39 |
| 2 | 39 |
| 3 | 39 |
| 4 | 39 |
| 5 | 38 |
| 6 | 39 |
| 7 | 39 |
| 8 | 32 |
| 9 | 38 |
| 10 | 42 |
| 11 | 39 |
| 12 | 38 |
| 13 | 39 |
| ആകെ | 500 |

ലൈറ്റുകൾ സ്ഥാപിച്ചതൊഴിച്ച് മറ്റുള്ള പദ്ധതി പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. വാറന്റ കേടാവുന്നവയ്ക്ക് പകരം ബൾബുകൾ സൗജന്യമായി ലഭ്യമാക്കണമെന്ന് പദ്ധതിയിൽ നിഷ്കർഷ ആയത് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് നേരിട്ട് തുക ചെലവഴിച്ചാണ് പ്രസ്തുത ലൈറ്റുകൾ മാറ്റി സ്ഥ

പാക്കേജ് 1-ന് 7 വർഷത്തേയ്ക്ക് പ്രതിവർഷം 2.64 ലക്ഷം രൂപ വീതം സബ്സ്ക്രിപ്ഷൻ കിഫ്ബിയ്ക്ക് നൽകേണ്ടതാണെന്നും ഈ തുക പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങ ഫണ്ടിന്റെ ഉറവിടത്തിൽ കുറവ് ചെയ്യുന്നതാണെന്നും പദ്ധതിയിൽ നിഷ്കർച്ചിരുന്നു. എന്നാ തുകയൊന്നും കുറവ് ചെയ്തിട്ടില്ല.

